**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 200** **22-02-2022 - ൽ മറുപടിയ്ക്ക്**

**മലയിൻകീഴ് താലൂക്കാശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലയിൻകീഴ് താലൂക്ക് ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കിഫ്ബി വഴി അനുമതി ലഭ്യമായ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | മലയിൻകീഴ് താലൂക്ക് ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി മുഖാന്തിരം 23.31 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആശുപത്രിക്കു വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഉപയോഗശൂന്യമായ പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിനുളള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | മലയിൻകീഴ് താലൂക്കാശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം തുടങ്ങാനാകാത്തതിന്റെ കാരണം വിശദമാക്കാമോ; എന്നു മുതൽ പ്രസ്തുത ഡയാലിസിസ് സെന്റർ പ്രവർത്തനക്ഷമമാക്കുവാനാകും? | (ബി) | ആരോഗ്യ വകുപ്പിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഡയാലിസിസ് സെന്ററിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കേന്ദ്രത്തിലേയ്ക്കാവശ്യമായ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ വിതരണം ചെയ്തിട്ടുണ്ട്. ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഡീസൽ ജനറേറ്റർ വാങ്ങുന്നതിനായി KMSCL ന് തുക കൈമാറിയിട്ടുണ്ട്. പ്രസ്തുത യൂണിറ്റിനു വേണ്ടി തുടർച്ചയായി വൈദ്യുതിലഭ്യമാക്കുന്നതിനായി ട്രാൻസ്ഫോർമർ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളും ജലലഭ്യത തുടങ്ങിയവ ഉറപ്പ് വരുത്തുന്നതിനായി കുഴൽ കിണറിൽ നിന്നും ജലം പമ്പ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും പൂർത്തിയാകുന്ന മുറയ്ക്കും ഡയാലിസിസ് സെന്റർ പ്രവർത്തനസജ്ജമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ